19-09-2018
പത്രക്കുറിപ്പ്

# കുടുംബശ്രീ ഇനി ഉത്തർപ്രദേശിലും

തിരുവനന്തപുരം: സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം മുൻനിർത്തി വർത്തിക്കുന്ന കുടുംബശ്രീ മാതൃക പകർത്താൻ ഉത്തർപ്രദേശും. കുടുംബശ്രീ എൻആർഒയ്ക്ക് (നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ) വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, ഉത്തർപ്രദേശ് സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യവുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഉത്തർപ്രദേശിൽ പഞ്ചായത്തീരാജ് സംവിധാനങ്ങളും (പിആർഐ- പഞ്ചായത്തീ രാജ് ഇൻസ്റ്റിറ്റ്യൂഷ ൻസ്) സാമൂഹ്യ സംഘടനാ സംവിധാനങ്ങളും (സിബിഒ- കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേ ഷൻസ്) സംയോജിപ്പിക്കുന്നതിനുള്ള  പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും സാങ്കേതിക സഹായവും കുടുംബശ്രീ എൻആർഒ നൽകും. കുടുംബശ്രീ എൻആർഒയുടെ പ്രവർത്തനം വ്യാപിപ്പി ക്കുന്ന 16ാം സംസ്ഥാനമാണ് ഉത്തർപ്രദേശ്. രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടക, ഗോവ, മധ്യപ്രദേശ്, ബീഹാർ, സിക്കിം, അസാം, മണിപ്പൂർ, ത്രിപുര, ഒഡീഷ, ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, ആന്ധ്ര പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലുമാണ് ഇപ്പോൾ കുടുംബശ്രീ എൻആർഒ പ്രവർത്തിക്കുന്നത്.

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് (എൻആർഎൽഎം) കീഴിൽ വിവിധ സംസ്ഥാനങ്ങളിൽ നടന്നുവരുന്ന സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യങ്ങൾക്ക് (എസ്ആർഎൽഎം) പൂർണ്ണ പിന്തുണ യും സഹായവും നൽകുന്നതിനായുള്ള നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻആർഒ) അംഗീകാരം 2012ലാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കുടുംബശ്രീയ്ക്ക് നൽകുന്നത്. ഇത് പ്രകാരം എസ്ആർഎൽഎമ്മുകളുമായി കരാറിലെത്തി അവർക്ക് വേണ്ട എല്ലാവിധ പിന്തുണയും കുടുംബശ്രീ നൽകി വരുന്നു. സാമൂഹ്യാധിഷ്ഠിത സംവിധാനങ്ങൾ വഴി സൂക്ഷ്മ സംരംഭ വികസന ത്തിനായുള്ള പ്രവർത്തനങ്ങളും കുടുംബശ്രീ എൻആർഒ നടത്തുന്നു. എംഇസിമാർ (മൈക്രോ എന്റർ പ്രൈസ് കൺസൾട്ടന്റ്) വഴി സൂക്ഷ്മ സംരംഭങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക, സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് (എസ്വിഇപി) എന്നീ പ്രവർത്തനങ്ങളാണ് ഇതിലുൾപ്പെടുന്നത്.

ഉത്തർപ്രദേശിൽ പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ സെപ്റ്റംബർ അഞ്ച്, ആറ് ദിവസങ്ങളിൽ സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യത്തിലെ ജില്ലാതല ഓഫീസർമാർക്കും ഉദ്യോഗ സ്ഥർക്കും ലഖ്നൗവിൽ ശിൽപ്പശാല നടത്തി. ബ്ലോക്ക് അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കാനുള്ള തീരുമാനവും കൈക്കൊണ്ടു. ഇതനുസരിച്ചാണ് വരാണസി, ഗൊരഖ്പുർ, സുൽത്താൻപുർ, മിർ സാപുർ, ബഹ്റൈഖ്, ബസ്തി, ബന്ദ, ഫത്തേപുർ, ഛന്ദൗലി, സൊൻഭദ്ര എന്നീ പത്ത് ജില്ലകളിൽ ആദ്യ ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചത്.

നിലവിൽ പഞ്ചായത്തീ രാജ് സംവിധാനങ്ങളും സാമൂഹ്യ സംഘടനാ സംവിധാനങ്ങളും സംയോ ജിപ്പിക്കുന്നതിനുള്ള കുടുംബശ്രീ എൻആർഒ പ്രവർത്തനങ്ങൾ അസാം, ഝാർഖണ്ഡ്, മണിപ്പൂർ, രാജ സ്ഥാൻ, ത്രിപുര, ഛത്തീസ്ഗഢ്, മിസോറാം എന്നീ സംസ്ഥാനങ്ങളിലാണ് നടക്കുന്നത്. ഝാർഖ ണ്ഡിലെ പത്ത് ജില്ലകളിലും അസമിലെ ഒമ്പത് ജില്ലകളിലും മണിപ്പൂരിലെ ആറ് ജില്ലകളിലും ഛത്തീ സ്ഗഢിലെ അഞ്ച് ജില്ലകളിലും രാജസ്ഥാനിലെയും ത്രിപുരയിലെയും മൂന്ന് ജില്ലകളിൽ വീതവും മിസോറാമിലെ ഒരു ജില്ലയിലുമാണ് കുടുംബശ്രീ എൻആർഒ പ്രവർത്തിച്ചുവരുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ